(ഡി) ഇരിങ്ങൽ മേളയ്ക്ക് വിദേശ രാജ്യങ്ങളുടെ പ്രാതിനിധ്യം ഉറപ്പിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പുമന്ത്രി, മുൻ യു.എൻ. അണ്ടർ സെക്രട്ടറി ശശി തരൂർ എം.പി. എന്നിവരുടെ നേതൃത്വത്തിൽ രണ്ട് തവണ സർഗാത്മക പ്രതിനിധികൾ ഉൾപ്പെടെ പരിപാടികൾക്ക് രൂപം കൊടുത്തു. ഒപ്പം യു.എൻ.-ന്റെ ഇന്ത്യൻ പ്രതിനിധിയുടെ കൈയൊപ്പോടുകൂടിയുള്ള ക്ഷണക്കത്ത് വിദേശ എംബസികളിലെ അമ്പാസിഡർമാർക്ക് അയച്ചുകൊടുത്തു. വിനോദ സഞ്ചാര വകുപ്പുമന്ത്രി വകുപ്പ് സെക്രട്ടറി, ജി.കെ.എസ്.എഫ്. ഡയറക്ടർ, സംസ്ഥാന കോർഡിനേറ്റർ എന്നിവർ കേന്ദ്ര വിനോദസഞ്ചാര വകുപ്പിനെയും വിദേശകാര്യ വകുപ്പിനെയും സംയോജിപ്പിച്ചുകൊണ്ട് സാർക്ക് രാജ്യങ്ങളെ മേളയിലേയ്ക്ക് ഔദ്യോഗികമായി ക്ഷണിക്കുകയും ചെയ്തു.

വേമ്പനാട് കായൽ ടൂറിസം

323(1024) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട് കായൽ ടൂറിസവുമായി ബന്ധപ്പെട്ടുണ്ടാകുന്ന അതീവ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് നിയമസഭാ സമിതി നടത്തിയ പഠന റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ട്;

(ബി) വേമ്പനാട് കായലിന്റെ നൈസർഗ്ഗിക ശുദ്ധിയും പ്രകൃതി സൗന്ദര്യവും ജൈവ വൈവിധ്യവും സംരക്ഷിക്കുന്നതിനും, കാലാനുസൃതമായി പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും ഉതകുന്ന പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

ഉത്തരം

(എ) പരിശോധിച്ച് മറുപടി നൽകുന്നതാണ്.

(ബി) കായൽ ടൂറിസത്തിന്റെ പ്രധാന കേന്ദ്രങ്ങളായ ആലപ്പുഴ, കുമരകം, എന്നിവിടങ്ങളിൽ ഹൗസ് ബോട്ടുകളിൽനിന്നുള്ള മലിനീകരണത്തിൽനിന്നും വേമ്പനാട്ടുകായലിനെ മുക്തമാക്കുന്നതിനായി ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി കുമരകത്ത് കവണാറ്റിൻകരയിലും ആലപ്പുഴയിലെ എച്ച് ബ്ലോക്ക് കായലിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിക്കുന്നു. ഹൗസ് ബോട്ടുകൾ സൃഷ്ടിക്കുന്ന മലിനീകരണം ഒരു പരിധിവരെ തടയാൻ ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. കായൽ ടൂറിസം മേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും നിലവിലുള്ള സൗകര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വികസിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെകൂടി സഹായത്തോടെ മൊത്തം 52.25 കോടി രൂപയുടെ ആലപ്പുഴ കായലോര ടൂറിസം വികസന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വടായിക്കനാൽ, വാണിജ്യകനാൽ ഭാഗം എന്നിവയുടെ പുനർനിർമ്മാണം, ചരിത്ര പൈതൃക തെരുവുകൾ, കനാലുകൾ എന്നിവയുടെ പുനരുദ്ധാരണം, അരൂക്കുറ്റി, തണ്ണീർമുക്കം, പുന്നമട, പള്ളാത്തുരുത്തി, നെടുമുടി, കുഞ്ഞിപ്പാടം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിലെ ബോട്ട് ടെർമിനൽ വട്ടക്കായൽ, കുമരകം, വിളക്കുമാടം, എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് സെന്ററുകൾ, വയ്യാങ്കര, പാണ്ടി, തഴപ്പ്, കുതിരവട്ടം ചിറ, എന്നിവിടങ്ങളിലെ ഉപ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം തുടങ്ങിയ സൗകര്യങ്ങൾ/പ്രവൃത്തികൾ ഒരുക്കിയിട്ടുണ്ട്. കുമരകം ബാക്ക് വാട്ടർ ഡെസ്റ്റിനേഷൻ വികസനത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കിവരുന്നു.

1. കുമരകം കൾച്ചറൽ സെന്ററിന്റെ വികസനം
2. കുമരകം ഡെസ്റ്റിനേഷൻ വികസനം
3. കുമരകത്തിന്റെ മാലിന്യ നിർമ്മാർജ്ജന പദ്ധതി
4. കുമരകത്തെ അടിസ്ഥാന സൗകര്യ വികസനം.

ധർമ്മടം മണ്ഡലത്തിൽ ഉണ്ടായിട്ടുള്ള വികസനപദ്ധതികൾ

324(1025) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ധർമ്മടം നിയോജക മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുള്ളതും ആരംഭിച്ചിട്ടുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയും ഏതൊക്കെ ഘട്ടത്തിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly